**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139** **04-02-2026 - ൽ മറുപടിയ്ക്ക്**

**ഡയറി ഫാമുകൾക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. രാജ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി ഇടത്തരം ഡയറി ഫാമുകൾക്ക് സഹായം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഡയറി ഫാമുകൾ നടത്തുന്ന കർഷകരെ സഹായിക്കാൻ ക്ഷീരവികസന വകുപ്പിന്റെ 2025-26 വാർഷിക പദ്ധതിയിൽ എം.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഇടത്തരം ഡയറി ഫാമുകൾക്ക് സഹായം ലഭ്യമാക്കുന്നതിലേയ്ക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പ സാമ്പത്തിക വർഷം സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് ഫാം ആധുനികീകരണത്തിനും തീറ്റപ്പുൽകൃഷിക്കും കാലിത്തീറ്റക്കും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; മറ്റെന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | എം.എസ്.ഡി.പി. പദ്ധതി, സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതികളനുസരിച്ച് ഫാം ആധുനികീകരണത്തിനും തീറ്റപ്പുൽകൃഷിക്കും കാലിത്തീറ്റക്കും, മൃഗാരോഗ്യ സംരക്ഷണത്തിനും ധനസഹായം നൽകുന്നുണ്ട്. |
| (സി) | മൃഗസംരക്ഷണ ഫാമിംഗ് മേഖലയിൽ കൂടുതൽ സംരംഭകർ കടന്നു വരാൻ സഹായകമാവും വിധം ഫാം ലൈസൻസിംഗ് ചട്ടങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കേരളസർക്കാർ 2012 -ലെ കേരള പഞ്ചായത്തീരാജ് ഫാം ലൈസൻസ് ചട്ടങ്ങളിൽ മാറ്റംവരുത്തിയിട്ടുണ്ട്. 2024 ജൂലായ് 28-ലെ ഉത്തരവ് പ്രകാരമാണിത്.<br><br>**ഫാം ലൈസൻസിങ് ചട്ടങ്ങൾ** പരിഷ്കരിച്ചിട്ടുണ്ട്. കർഷക സംരംഭക സൗഹൃദപരമാക്കുന്നതിനും മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ലൈസൻസിങ് ചട്ടങ്ങൾ പരിഷ്കരിച്ചു. |

സെക്ഷൻ ഓഫീസർ